LIBRARY ARCHIVES Kerala Legislative Assembly

പ്ലാന്റ് ഹെൽത്ത് ക്ലനിക്കുകൾ

84 (2804) <u>ശ്രീമതി യു. പ്രതിഭ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ വഴി നടപ്പാക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ മുഖേന കാർഷിക വിളകളുടെ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിനായി കീടരോഗ നിരീക്ഷണം നടത്തി കർഷകർക്ക് കീടരോഗബാധയെപ്പറ്റി മുൻകൂട്ടി അറിവ് നൽകുകയും നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനുള്ള ശാസ്ത്രീയ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. കൃത്യമായ ഇടവേളകളിൽ ആവശ്യാനുസരണം കൃഷിയിടം സന്ദർശിക്കുന്ന ഉദ്യോഗസ്ഥർ കീടരോഗബാധ സംബന്ധിച്ച് മുന്നറിയിപ്പുകളും നിയന്ത്രണത്തിന് അനുവർത്തിക്കേണ്ട ശാസ്ത്രീയ മാർഗ്ഗങ്ങളും കർഷകർക്ക് നൽകുന്നു. കൂടാതെ കീടരോഗ നിർണ്ണയത്തിനുള്ള ഉപകരണങ്ങൾ, ശത്രു/മിത്ര കീടങ്ങളെ തിരിച്ചറിയാനുള്ള സ്പെസിമനുകൾ, കീടരോഗ ലക്ഷണങ്ങൾ സംബന്ധിച്ച പോസ്റ്ററുകൾ, ചാർട്ടുകൾ, ഫോട്ടോഗ്രാഫുകൾ എന്നിവയും കൃഷി സംബന്ധമായ വിവരങ്ങൾ അടങ്ങിയ ചെറുലൈബ്രറികളും പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളിൽ സ്ഥാപിച്ച് ആവശ്യമായ സന്ദർഭങ്ങളിൽ കർഷകർക്ക് കീടരോഗ നിയന്ത്രണം സാദ്ധ്യമാക്കുന്നതിന് അറിവും ഉപദേശങ്ങളും നൽകുന്നു. കീടരോഗ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ കർഷകർക്കാവശ്യമായ നിർദ്ദേശങ്ങൾ അടങ്ങുന്ന പെസ്റ്റ്ബുള്ളറ്റിനും ക്ലിനിക്കുകൾ മുഖേന കർഷകർക്ക് നൽകുന്നു. ഇതുവഴി ശത്രു/മിത്ര കീടങ്ങളെ തിരിച്ചറിയാനും കീടബാധയുടെ തോത് അനുസരിച്ച് രാസകീടനാശിനികൾ പരമാവധി കുറച്ച് നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കാനും കർഷകർക്ക് കഴിയുന്നു. കൂടാതെ IIITMK-യുടെ ക്രോപ്പ് പെസ്റ്റ് സർവ്വെയൻസ് സിസ്റ്റം എന്ന വെബ്സൈറ്റിലൂടെ എല്ലാ കർഷകർക്കും ലഭ്യമാകുന്ന രീതിയിൽ കീടങ്ങളെയും രോഗങ്ങളെയും സംബന്ധിച്ച വിശദാംശങ്ങളും പ്രസിദ്ധപ്പെടുത്തുന്നുണ്ട്.

(ബി) സംസ്ഥാനത്ത് എത്ര പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾക്ക് അനുമതി നൽകിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

സംസ്ഥാനത്ത് 281 പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾക്ക് അനുമതി നൽകിയിരുന്നു. ആയതിൽ 271 എണ്ണം പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. ജില്ലതിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.*

(സി) കായംകുളം മണ്ഡലത്തിൽ എത്ര പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾക്ക് അനുമതി നൽകിയിട്ടുണ്ട്; ഇതിന്റെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കായംകുളം മണ്ഡലത്തിൽ '2' പ്ലാന്റ് ഹെൽത്ത് ക്ലിനിക്കിന് അനുമതി നൽകിയിരുന്നു. ദേവികുളങ്ങര കൃഷിഭവനുകീഴിലാണ് ഒരു ക്ലിനിക് പ്രവർത്തിച്ചുവരുന്നത്. 2014-15 സാമ്പത്തിക വർഷത്തിലാണ് ദേവികുളങ്ങര കൃഷിഭവനുകീഴിലുള്ള പ്ലാന്റ് ഹെൽത്ത് ക്ലിനിക് സ്ഥാപിച്ചത്. 2019-20 സാമ്പത്തിക വർഷത്തിൽ പത്തിയൂർ കൃഷിഭവനിൽ ക്ലിനിക് അനുവദിച്ചു. എന്നാൽ കോവിഡ്-19 മഹാമാരി രൂക്ഷമായ സാഹചര്യവും ലോക്ഡൗണും കാരണം ക്ലിനിക് തുടങ്ങുവാൻ സാധിച്ചില്ല. കാർഷിക വിളകളെ ബാധിക്കുന്ന കീടരോഗബാധ, സൂക്ഷ്മമൂലകങ്ങളുടെ അഭാവം എന്നീ പ്രശ്നങ്ങൾക്ക് നിയന്ത്രണ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും അതിനായി പഞ്ചായത്തിലെ നെല്ല്, പച്ചക്കറി, തെങ്ങ്, വാഴ എന്നീ വിളകളിലെ മികച്ച കർഷകരെ തെരഞ്ഞെടുത്ത് ഫിക്സഡ് പ്ലോട്ടുകൾ സ്ഥാപിക്കുകയും ടി പ്ലോട്ടുകളിൽ ക്ലിനിക്കിൽ പ്രവർത്തിക്കുന്ന പെസ്റ്റ് സ്കൗട്ടുകൾ കൃത്യമായ നിരീക്ഷണം നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ കർഷകർക്ക് സമയോചിതമായ നിർദ്ദേശങ്ങൾ നല്കുകയും ചെയ്തുവരുന്നു. ഫീൽഡുതലത്തിലുള്ള നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ എല്ലാമാസവും ബ്ലോക്കുതലത്തിൽ ബുള്ളറ്റിനുകൾ കർഷകർക്കായി വിതരണം നടത്തി വരുന്നു. കർഷകർക്ക് ക്ലിനിക്കിൽ എത്തി നേരിട്ട് സംശയ നിവാരണം നടത്തുന്നതിനും മണ്ണുപരിശോധന നടത്തുന്നതിനും ആയതിന്റെ അടിസ്ഥാനത്തിൽ സംയോജിത വളപ്രയോഗ നിർദ്ദേശങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നതിനും സാധ്യമായിട്ടുണ്ട്.

മങ്കടയിലെ കെ.എൽ.ഡി.സി. പദ്ധതി

85(2805) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട ബ്ലോക്ക് പഞ്ചായത്തിലെ മങ്കട തോടിലേയ്ക്ക് വെള്ളം വന്നുചേരുന്ന മലംതോട്, കൂട്ടിൽതോട്, പൊട്ടേങ്ങൽതോട്, മങ്കട പാടം ആണിച്ചാൽ എന്നിവിടങ്ങളിൽ ചേരിയം മലയിൽനിന്നും വെള്ളം ഒഴുകി മണ്ണിടിച്ചിലും കൃഷി നാശവും ഉണ്ടാകുന്നത് കാരണം കർഷകർ അനുഭവിക്കുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

&

(ബി) ഈ പ്രദേശങ്ങളിലെ ഭൂമിയും കൃഷിയിടങ്ങളും തോടുകളും പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിനും ആവശ്യമായ സ്ഥലങ്ങളിൽ വി.സി.ബി. നിർമ്മിക്കുന്നതിനും കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ വഴി ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത ബുദ്ധിമുട്ട് പരിഹരിക്കുന്നതിനാവശ്യമായ പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് KLDC-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly